**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1116</u>** **<u>11-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മത്സ്യകൃഷി മേഖലയിലെ വൈവിധ്യവൽക്കരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി/ സംസ്ഥാനാവിഷ്കൃത പദ്ധതികൾ/ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യ കൃഷി രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി മത്സ്യകൃഷി രീതികൾക്ക് ആവശ്യമായ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഹാച്ചറികളിലെ മത്സ്യ വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതിനും, നഴ്സറികൾ സ്ഥാപിക്കൽ, ഹാച്ചറികളുടെ പ്രവർത്തന മാനേജ്മെന്റ് എന്നീ പദ്ധതികൾക്കുമായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.<br><br>**<u>സംസ്ഥാനവിഷ്കൃത പദ്ധതികൾ</u>**<br><br>**1. ജനകീയ മത്സ്യകൃഷി(JMK) 2023-25 പദ്ധതി**<br><br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി 2023-24 & 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് 85.7723 കോടി രൂപയുടെ (മത്സ്യ കൃഷി വികസനം 71.2558 കോടി രൂപ + മത്സ്യ കൃഷി വിപുലീകരണ സേവനങ്ങൾ 14.5165 കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം മത്സ്യകൃഷിരീതികളിലും മത്സ്യ ഇനങ്ങളിലുമുള്ള വൈവിദ്ധ്യവല്ക്കരണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പരമ്പരാഗത മത്സ്യ കൃഷികളായ ഒരു നെല്ലും ഒരു മീനും , കാർപ്പ് മത്സ്യകൃഷി, കുളങ്ങളിലെ ചെമ്മീൻ മത്സ്യ കൃഷി, വിവിധ നൂതന സാങ്കേതിക |

വിദ്യയിലൂടെ ഉള്ള ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), കൂടുകളിലെ മത്സ്യകൃഷി ഉൾപ്പെടെ 25 ഇനം മത്സ്യകൃഷി രീതികൾ നടപ്പിലാക്കിവരുന്നു. ഇതിന് പുറമേ മത്സ്യകൃഷിക്ക് അനുയോജ്യമായതും എന്നാൽ നിലവിൽ തരിശ് കിടക്കുന്നതുമായ പൊതുജലയാശങ്ങൾ /തോടുകൾ/ കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയിണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശിയ മത്സ്യ വിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ പരിപാലനം നടത്തുന്നതിനായി 50ഹെക്ടർ പ്രദേശത്ത് എംബാങ്ക്മെന്റ് മത്സ്യ കൃഷിയും 40 എണ്ണം കൂടുകളിലെ വലവളപ്പുകളിലെ കൃഷിയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2.വനാമി ചെമ്മീൻ കൃഷിയുടെ വികസനം (Development of Vannamei Shrimp Farming)**

സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഭരണാനുമതി നൽകിയ 'Development of Vannamei shrimp farming' പദ്ധതി അഡാക് മുഖേന നടപ്പിലാക്കി. പദ്ധതി പ്രകാരം കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി തെരഞ്ഞെടുത്ത 97.31 ഹെക്ടർ ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി നടപ്പിലാക്കിയതിലൂടെ നടപ്പ് സാമ്പത്തിക വർഷത്തിൽ വിളവെടുപ്പ് പൂർത്തിയാക്കിയ 65.30 ഹെക്ടറിൽ നിന്നും 287.4 ടൺ ചെമ്മീൻ ഉത്പാദിപ്പിച്ചിട്ടുണ്ട്.

ഇതിന് പുറമേ 2023-25 ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക് മുഖേന നടപ്പിലാക്കുന്ന വനാമി ചെമ്മീൻ കൃഷിയ്ക്ക് 594.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ 65.93 ഹെക്ടറിൽ നിന്നും 286.325 ടൺ വനാമി ചെമ്മീൻ ഉത്പാദിപ്പിച്ചിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതി**

**പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതി**

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 2020-21 മുതൽ 219.61 കോടി രൂപ അടങ്കൽ തുക വരുന്ന പുതിയ കുളങ്ങളുടെ നിർമ്മാണം, ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി

| | | | |
|---|---|---|---|
| | | | അക്വാകൾച്ചർ സിസ്റ്റം (RAS), ചെറുകിട അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ഇടത്തരം അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ഓരു ജലങ്ങളിലെ കൂടുകൃഷി തുടങ്ങിയ വിവിധ മത്സ്യകൃഷി പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം അഡാക് മുഖേന പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുരാസാഗർ ജലസംഭരണികളിലായി 400 കൂടുകളിലെ മത്സ്യ കൃഷിയ്ക്കായി Participatory Integrated Fisheries Development of selected Reservoirs in Kerala എന്ന പദ്ധതിയ്ക്ക് 16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും 78.83 ടൺ മത്സ്യം ഉല്പാദിപ്പിക്കുകയും ചെയ്തു. 2021-22 വർഷം അഡാക് മുഖേന തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, ഇടുക്കി ജില്ലയിലെ ഇടുക്കി തൃശ്ശൂർ ജില്ലയിലെ പീച്ചി എന്നീ ജലസംഭരണികളിലായി 300 കൂടുകളിലെ മത്സ്യ കൃഷിയ്ക്കായി Participatory Integrated Fisheries Development of selected Reservoirs in Kerala Phase II എന്ന പദ്ധതിയ്ക്ക് 10.8180 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേജുകൾ സ്ഥാപിക്കുകയും ആയതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പുതുതായി ഈ മേഖലയിലേയ്ക്ക് കടന്ന് വരുന്ന സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായവുമാണ് സർക്കാർ നൽകുന്നത്; | (ബി) | പുതുതായി മത്സ്യകൃഷി മേഖലയിലേയ്ക്ക് കടന്ന് വരുന്ന സംരംഭകരെ അനുയോജ്യമായ പദ്ധതികളിൽ ഉൾപ്പെടുത്തി വകുപ്പ് മുഖേന സാങ്കേതിക പരിശീലനം നൽകുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ യൂണിറ്റ് കോസ്റ്റിന്റെ 40% തുക സബ്സിഡിയായി നൽകുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരം 70-100% മത്സ്യ വിത്ത്, 40% മത്സ്യത്തീറ്റ, ഓരുജല കുളങ്ങളിലെ മത്സ്യകൃഷിക്ക് ബണ്ട് നിർമ്മാണത്തിന് 40% സബ്സിഡിയും നൽകിവരുന്നു. |
| (സി) | ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടു വരുന്നതിനും എന്തെല്ലാം സഹായമാണ് ചെയ്ത് വരുന്നത്; വിശദമാക്കാമോ? | (സി) | ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (SAF) മുഖേന മത്സ്യത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് യൂണിറ്റുകൾക്ക് ധനസഹായവും പരിശീലനവും നൽകി വരുന്നു. മൽസ്യകർഷകർക്കും സംരഭകർക്കും ആവശ്യാനുസരണം CIFT, NIFPHATT തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനം നൽകുന്നു. മത്സ്യഫെഡ് മുഖേന എറണാകുളം |

| | | | |
|---|---|---|---|
| | | | ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള Ice & Freezing Plant-ൽ മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ fish cutlet, fish pickle, prawn roast, Dressed fish, Frozen IQF fish curry mix തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്തു വരുന്നു. RIDF XXVIII-ൽ ഉൾപ്പെടുത്തി അനുവദിച്ച മത്സ്യഫെഡിന്റെ ചെങ്ങന്നൂർ മുളക്കുഴയിലെ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന യൂണിറ്റ് ഉടനെ പ്രവർത്തന സജ്ജമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ